**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 226** **08-08-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാം ഘട്ട പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മെഡിക്കൽ കോളേജിൽ 88.4 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ ട്രോമാകെയർ ഒന്നാം ഘട്ട പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ; | (എ) | **കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി 24/01/2020-ലെ GO (Rt) No. 181/2020/H&FWD ഉത്തരവ് പ്രകാരം കിഫ്ബി മുഖേന 124.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ട്രോമകെയർ ഒന്നാം ഘട്ടം (57.69 കോടി) ട്രോമ കെയർ രണ്ടാം ഘട്ടം (37.48 കോടി) മെയിന്റനെൻസ് ഒന്നാം ഘട്ടം (29.78 കോടി) എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തികളിൽ ട്രോമകെയർ ഒന്നാം ഘട്ടത്തിനായി 51.297 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന്, നിർവ്വഹണ ഏജൻസി ചെന്നൈ ഐ.ഐ.ടി-യിൽ സമർപ്പിച്ചിട്ടുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്സ് (Structural) സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി സാങ്കേതികാനുമതി നൽകേണ്ടതുണ്ട്.** |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ 35.52 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മെയിന്റനൻസ് ഒന്നാം ഘട്ട പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ മെയിന്റനൻസ് ഒന്നാം ഘട്ട പ്രവൃത്തിയുടെ 65% പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ